**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3090** | **18-03-2022 - ൽ മറുപടിയ്ക്ക്**

**കവിയൂർ പോളച്ചിറയിലെ മത്സ്യവിത്ത് ഉല്പാദന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ല നിയോജകമണ്ഡലത്തിലെ കവിയൂർ പോളച്ചിറയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മത്സ്യവിത്ത് ഉൽപാദന കേന്ദ്രത്തിന്റെ നവീകരണത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | പോളച്ചിറയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന നിലവിലുള്ള മത്സ്യവിത്ത് ഉൽപ്പാദന കേന്ദ്രത്തിന്റെ നവീകരണത്തിനും, ഗിഫ്റ്റ് ഹാച്ചറി സ്ഥാപിക്കുന്നതിനും, ചിറയുടെ വടക്കു ഭാഗത്ത് 14 സിമന്റ് ടാങ്കുകൾ സ്ഥാപിക്കുന്നതിനുമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലത്ത് ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി പഠനത്തിനും വിനോദത്തിനുമായി പ്രയോജനപ്പെടുന്ന തരത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | പോളച്ചിറ മത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ അധീനതയിലുള്ള മുഴുവൻ സ്ഥലവും മത്സ്യകൃഷി പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന തരത്തിലാണ് നിലവിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. കൂടാതെ പ്രസ്തുത സ്ഥലത്ത് ഫാം ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ